പത്രക്കുറിപ്പ്
05-11-2017

### തെരുവുനായ നിയന്ത്രണ പദ്ധതി:
## **കുടുംബശ്രീയുടെ ബ്ളോക്ക് മാനേജ്മെന്റ് യൂണിറ്റുകൾ വിജയം കൈവരിക്കുന്നു**

തിരുവനന്തപുരം: തെരുവുനായ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കുടുംബശ്രീ നടപ്പാക്കി വരുന്ന അനിമൽ ബർത്ത് കൺട്രോൾ-ബ്ളോക്ക് മാനേജ്മെന്റ് യൂണിറ്റുകളുടെ പ്രവർത്തനം സംസ്ഥാനത്ത് വിജയമാകുന്നു. ഈ യൂണിറ്റുകൾ വഴി ഇതുവരെ 4462 നായ്ക്കളെ പിടി കൂടാൻ കഴിഞ്ഞിട്ടുണ്ട്. ഇതിലൂടെ യൂണിറ്റ് അംഗങ്ങളായ കുടുംബശ്രീ വനിതകൾക്ക് നാൽപ്പത്തിയഞ്ച് ലക്ഷം രൂപ വരുമാനം നേടാൻ കഴിഞ്ഞു.

പിടികൂടുന്ന നായ ഒന്നിന് പഞ്ചായത്തുകൾ കുടുംബശ്രീക്കു നൽകുന്നത് 2100 രൂപയാണ്. ഇതിൽ 1000 രൂപ കുടുംബശ്രീ യൂണിറ്റുകൾക്കുള്ള വേതനവും 400 രൂപ ഡോക്ടർക്കുള്ള ഫീസുമാണ്. കൂടാതെ 500 രൂപ മരുന്നിനും 200 രൂപ നായയെ പിടി കൂടി വാഹനത്തിൽ മൃഗാശുപത്രിയിൽ എത്തിക്കുന്നതിനുമാണ്. പദ്ധതി വിജയമായതിനെ തുടർന്ന് പുതുതായി അമ്പത്തിയാറു യൂണിറ്റുകൾക്കു കൂടി കുടുംബശ്രീയുടെ നേതൃത്വത്തിൽ പരിശീലനം നൽകി സജ്ജമാക്കിയിട്ടുണ്ട്. പഞ്ചായത്തുകൾ പദ്ധതിക്കായി പണം നീക്കി വയ്ക്കുന്ന മുറയ്ക്ക് ഈ യൂണിറ്റുകളും അതത് പ്രദേശത്ത് പ്രവർത്തനമാരംഭിക്കും. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനായി സംസ്ഥാനത്ത് ആകെയുള്ള എൺപതു യൂണിറ്റുകൾക്കും അമ്പതിനായിരം രൂപ വീതം കുടുംബശ്രീ നൽകിയിട്ടുണ്ട്.

223 തദ്ദേശ സ്ഥാപനങ്ങളാണ് ഇപ്പോൾ കുടുംബശ്രീയുമായി ചേർന്ന് തെരുവുനായ നിയന്ത്രണ പദ്ധതി നടപ്പാക്കുന്നത്. പദ്ധതിക്കായി പണം നീക്കിവച്ചിട്ടുള്ള പഞ്ചായത്തുകളിലാണ് യൂണിറ്റുകളുടെ പ്രവർത്തനം. പദ്ധതിക്കായി ബ്ളോക്കുകളും നഗരസഭകളും മൂന്നര കോടി രൂപ അതത് കുടുംബശ്രീ ജില്ലാമിഷനുകൾക്ക് നൽകിയിട്ടുണ്ട്. ഇതോടൊപ്പം കുടുംബശ്രീയുടെ പ്ളാൻ ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപയും ഉൾപ്പെടെ ആകെ നാലര കോടി രൂപയാണ് പദ്ധതിക്കായി ലഭിച്ചിട്ടുള്ളത്. എല്ലാ യൂണിറ്റുകളും ചേർന്ന് 17000 ത്തോളം നായകളെ പിടിക്കുന്നതു വഴി ഇവർക്ക് 1.7 കോടി രൂപയാണ് വരുമാനം ലഭിക്കുക.

നിലവിൽ തിരുവനന്തപുരം പത്തനംതിട്ട കോട്ടയം എറണാകുളം തൃശൂർ ഇടുക്കി ജില്ലകളിലാണ് യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. ഇതിൽ നൂറ്റിനാൽപതോളം കുടുംബശ്രീ വനിതകൾ അംഗങ്ങളാണ്. യൂണിറ്റുകൾ പിടിച്ചു കൊണ്ടു വരുന്ന നായകളെ വന്ധ്യംകരിക്കുന്നതിനായി നാൽപ്പത്തിയെട്ടു ഡോക്ടർമാരെയും കുടുംബശ്രീ എംപാനൽ ചെയ്തിട്ടുണ്ട്. പദ്ധതി ഊർജിതമാക്കുന്നതിന്റെ ഭാഗമായാണിത്.
തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ തെരുവുനായ നിയന്ത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യമായ ഏകോപനവും പിന്തുണയും നൽകുന്നത് ബ്ളോക്ക് മാനേജ്മെന്റ് യൂണിറ്റുകളാണ്. ഓരോ ബ്ളോക്ക് പരിധിയിലുമുള്ള പഞ്ചായത്തുകളിലെ തെരുവുനായ്ക്കളെ നിലവിലുള്ള നിയമവ്യവസ്ഥയ്ക്കു വിധേയമായി കൂടു വച്ചു പിടിച്ച് മൃഗാശുപത്രിയിൽ എത്തിച്ച് വന്ധ്യംകരണ ശസ്ത്രക്രിയയും ശസ്ത്രക്രിയാനന്തര പരിചരണവും ഉറപ്പാക്കുക എന്നതാണ് ഈ യൂണിറ്റുകളുടെ ചുമതല. വന്ധ്യംകരണ ശസ്ത്രക്രിയ നടത്തിയ നായ്ക്കൾക്ക് ശസ്ത്രക്രിയാനന്തര പരിചരണം നൽകി അവയെ യഥാസ്ഥാനത്ത് തിരികെ എത്തിക്കേണ്ട ചുമതലയും യൂണിറ്റുകൾക്കാണ്.

സമീപകാലത്ത് കേരളം അഭിമുഖീകരിച്ച ഏറ്റവും രൂക്ഷമായ സാമൂഹ്യപ്രശ്നമായി തെരുവുനായ ശല്യം മാറിയതിനെ തുടർന്നാണ് ഇതിനെ ഫലപ്രദമായി ചെറുക്കാൻ സർക്കാർ തെരുവുനായ നിയന്ത്രണ പദ്ധതിയുമായി മുന്നോട്ടു വന്നത്. തുടർന്ന് കുടുംബശ്രീയും അതിന്റെ ഭാഗമാവുകയായിരുന്നു. അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യ നിഷ്കർഷിച്ചിട്ടുള്ള ഏകീകൃത പ്രവർത്തനരീതിയനുസരിച്ചാണ് തെരുവുനായ നിയന്ത്രണ പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. അതത് ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്കാണ് പദ്ധതി നിർവഹണത്തിന്റെ ചുമതല. മികച്ച രീതിയിൽ വരുമാനം ലഭിക്കുന്നതിനാൽ കൂടുതൽ വനിതകൾ ഈ മേഖലയിലേക്കു കടന്നു വരുന്നുണ്ട് എന്നതും ശ്രദ്ധേയമാണ്.

എക്സിക്യൂട്ടീവ്

ഡയറക്ടർ

കുടുംബശ്രീ